


**മസ്ഊദ് അബ്ദുൽ ഹാദി**
വിവ: വി.എ കബീർ
വര: ശബീബ മലപ്പുറം


## പുതിയ അറബിക്കഥ-2

# ജിഹാദും മരുഭൂമിയിലെ രാക്ഷസനും

**പതിവുപോലെ** ശഹ്‌രിയാറിൽനിന്ന് നമുക്ക് തുടങ്ങാം.

ശഹ്‌രിയാർ സ്വസ്ഥാനത്ത് കിടന്നുറങ്ങി. കൂർക്കം വലി ഉച്ചത്തിലുയർന്നു. സ്വപ്നം കാണാൻ തുടങ്ങിയതേയുള്ളൂ. പെട്ടെന്നതിന്റെ സംപ്രേഷണം നിലച്ചു. ചെന്നായയെപ്പോലുള്ള മർജാനപ്പെണ്ണിന്റെ ശക്തമായ ചവിട്ടേറ്റ് ശഹ്‌രിയാർ ഞെട്ടിയുണർന്നു. ഇടത്തും വലത്തും തിരിഞ്ഞുനോക്കി വെപ്രാളത്തോടെ ചോദിച്ചു: “എവിടെയാണ് ഞാൻ?”

കുപിതയായ ശഹർസാദിന്റെ ഇടിനാദം മുഴങ്ങി: “നമ്മുടെ തിരുസന്നിധിയിൽ ആരാണ് നിനക്ക് ഉറങ്ങാൻ അനുമതി നൽകിയത്?”

മയക്കത്തിന്റെ കെട്ടഴിഞ്ഞിട്ടില്ലാത്ത നാവ് ചലിപ്പിച്ചുകൊണ്ട് ശഹ്‌രിയാർ പറഞ്ഞു: “തമ്പുരാട്ടീ! നേരം പുലർന്നതറിയിച്ചുകൊണ്ട് കഴുത കരഞ്ഞില്ലേ?”

“ഉവ്വ്” ശഹർസാദിന്റെ ചുണ്ടുകൾ വലിഞ്ഞു: “വൈകുന്നേരം വരെ കാത്തിരിക്കാൻ എനിക്ക് നേരമില്ല. ഇന്നത്തെ കഥ വേഗം പറഞ്ഞുതീർക്കുക.”

“പക്ഷേ, തമ്പുരാട്ടീ! ഈ മർജാന.... ശരി... ശരി... കഥ തുടരാം.”

പുറവും സദാചാരപരമായ കാരണങ്ങളാൽ പറയാൻ പറ്റാത്ത ഭാഗങ്ങളും ചൊറിഞ്ഞുകൊണ്ട് ശഹ്‌രിയാർ കേണപേക്ഷിച്ചു: “തമ്പുരാട്ടീ... ഈ മർജാനയെയൊഴിച്ചു ആരെ വേണമെങ്കിലും വിളിച്ചോളൂ. ബുഷിനെ വേണമെങ്കിലും വിളിച്ചോളൂ. വിരോധമില്ല. എന്നാൽ മർജാനയെ മാത്രം വിളിച്ചുവരുത്തരുതേ!”

ശഹർസാദ് വികൃതമായൊന്ന് ചിരിച്ചതല്ലാതെ മറുവാക്കൊന്നും ഉരിയാടിയില്ല. ഒരു ദാസിപ്പെണ്ണ് കൊണ്ടുവന്ന് കൊടുത്ത ചൂടുള്ള തോർത്തെടുത്ത് ശഹ്‌രിയാർ മുഖം തുടച്ചു. അപ്പോൾ ഉണർവ് വീണ്ടുകിട്ടി. അവസാനം മുരടനക്കി കഥ തുടർന്നു: റാണീ. സൗഭാഗ്യവതീ. കോമളാംഗീ. കഴിഞ്ഞ രാത്രി അമ്മാറിന്റെ കഥയാണ് നാം പറഞ്ഞത്. അറിയാതെ അയാൾ മരുഭൂമിയുടെ രാക്ഷസന്റെ മകനെ കൊന്നുപോയി. രാക്ഷസൻ കോപിച്ചു. ഭൂമി ഇന്നേവരെ സാക്ഷ്യം വഹിച്ചിട്ടില്ലാത്ത കോപം. അമ്മാറിന്റെ രക്തം പാനം ചെയ്യുമെന്ന് രാക്ഷസൻ പ്രതിജ്ഞ ചെയ്തു. അത്രക്ക് ദുഃഖകരമായിരുന്നു ആ വലിയ ദുരന്തം. മുഴുവൻ ഭൂലോകവാസികളുടെ രക്തം കിട്ടിയാലും മകന് പകരമാവില്ല എന്നായിരുന്നു രാക്ഷസന്റെ അവസ്ഥ.

ഈ വിഷമസന്ധിയിൽ മൂന്നംഗങ്ങളടങ്ങുന്ന ചെറിയൊരു സംഘം ആ മരുപ്പച്ചയിലെത്തിച്ചേർന്നു. ജിഹാദ്, നിദാൽ, മുഹമ്മദ് എന്നിവരായിരുന്നു സംഘത്തിലുണ്ടായിരുന്നത്. അമ്മാറിനെ വെറുതെ വിടാൻ അവർ രാക്ഷസനോട് അപേക്ഷിച്ചു. തന്റേതിനേക്കാൾ വലിയൊരു ദുരന്തം അവരിലാർക്കെങ്കിലും നേരിട്ടത് വിവരിച്ചാൽ അമ്മാറിന്റെ രക്തത്തിൽ മൂന്നിലൊന്ന് വിട്ടുവീഴ്ച ചെയ്യാമെന്ന് രാക്ഷസൻ അവർക്ക് വാക്കു കൊടുത്തു. അങ്ങനെ നിദാൽ തന്റെ കഥ പറയാൻ മുന്നോട്ട് വന്നു. കഥകേട്ട രാക്ഷസന്റെ കരളലിഞ്ഞു. ബാഷ്പാകുലനായ രാക്ഷസൻ അമ്മാറിന്റെ രക്തത്തിൽ മൂന്നിലൊന്ന് വിട്ടുവീഴ്ച ചെയ്തു. അപ്പോൾ തന്റെ കദനകഥ കൂടി പറഞ്ഞാൽ മൂന്നിലൊന്ന് കൂടി വിട്ടുവീഴ്ച ചെയ്യുമോ എന്ന് ജിഹാദ് രാക്ഷസനോട് ചോദിച്ചു. രാക്ഷസൻ സമ്മതിച്ചു. ജിഹാദ് തന്റെ കഥ തുടങ്ങി. എല്ലാവരും നിശ്ശബ്ദമായി കാതുകൂർപ്പിച്ചു. ജിഹാദ് കഥയിലേക്കിറങ്ങി.

എന്റെ വല്യുപ്പ പൊടുന്നനെയാണ് അന്ന് ഉറക്കത്തിൽനിന്ന് ഞെട്ടിയുണർന്നത്. അപ്പോൾ അടിമുടി അദ്ദേഹം പേടിച്ചുവിറക്കുന്നുണ്ടായിരുന്നു. അതിഭയങ്കരമായൊരു പേക്കിനാവ് കണ്ടാണ് വല്യുപ്പ ഉണർന്നത്. പിന്നെ അദ്ദേഹത്തിന് ഉറക്കം തുടരാനായില്ല. എരിയുന്ന അടുപ്പിൽ കിടന്നുറങ്ങുന്ന പോലെയാണ് അദ്ദേഹത്തിന് തോന്നിയത്. അങ്ങനെ അദ്ദേഹം കിടക്ക വിട്ടെഴുന്നേറ്റ് അടുത്തുള്ള പള്ളിയിലേക്ക് നടന്നു. ഭക്തിപുരസ്സരം അല്ലാഹുവിന് പ്രാർഥനകൾ അർപ്പിച്ചു. പിന്നെ മറ്റുള്ളവരോടൊപ്പം കഥകളും വർത്തമാനങ്ങളും പറഞ്ഞ് അവിടെ ഇരുന്നു. അന്നത്തെ അവസ്ഥയൊക്കെ അത്യന്തം ദാരുണമായിരുന്നു. എങ്ങും വഞ്ചനയുടെ കാർമേഘപടലങ്ങൾ തിങ്ങിനിറഞ്ഞ അന്തരീക്ഷം. ഏതു നിമിഷവും എല്ലാം പൊട്ടിത്തെറിക്കാം. അവർ വർത്തമാനം പറഞ്ഞിരിക്കെ ഒരാൾ അവിടെ എത്തി മുന്നറിയിപ്പ് നൽകി: “ഗ്രാമവാസികളേ! അറബ്സേന ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. നിരാശരായ അവർ സ്വദേശങ്ങളിലേക്ക് മടങ്ങിയിരിക്കുകയാണ്. ഇനി സയണിസ്റ്റുകളെ നേരിടാൻ ഒറ്റക്ക് അവശേഷിച്ചിരിക്കുകയാണ് നിങ്ങൾ.”

അജ്ഞത, നിരക്ഷരത, വിശ്വാസ ദൗർബല്യം, ബോധരാഹിത്യം, കുഞ്ഞുമക്കളെയും സ്ത്രീകളെയും ചൊല്ലിയുള്ള ഭയം, അറബ് വാഗ്ദാനങ്ങളിലുള്ള അമിത വിശ്വാസം, ഫലസ്തീന്റെ വിശുദ്ധ ഭൂമിയിൽ ജൂതവിളയാട്ടം. ഇതെല്ലാം കൂടി ജീവൻ രക്ഷിക്കുന്നതിനു നാടുവിടാൻ ഗ്രാമവാസികളിലൊരു വിഭാഗത്തെ നിർബന്ധിതരാക്കി. മധ്യാഹ്ന പ്രാർഥനക്കുള്ള വിളി ഉയർന്നതോടെ രണ്ടാമത്തെ മുന്നറിയിപ്പുകാരനുമെത്തി: “അയൽഗ്രാമത്തിൽ അതിക്രൂരമായ കൂട്ടക്കശാപ്പു നടന്നിരിക്കുന്നു. സ്ത്രീകളും കുട്ടികളും വൃദ്ധന്മാരുമടക്കം നൂറുകണക്കിൽ ഫലസ്തീനികളെ കൊന്നൊടുക്കിയിരിക്കുന്നു. ഇതോടെ മറ്റൊരു വിഭാഗവും കൂടി ഗ്രാമം വിട്ടു.

ഇതിനിടയിലും അവസാന നിമിഷം വരെ ജന്മനാട്ടിൽ തന്നെ പിടിച്ചു നിൽക്കാൻ ഒരുകൂട്ടമാളുകൾ തീരുമാനിച്ചു. അതിൽ എന്റെ വല്യുപ്പയുമുണ്ടായിരുന്നു. സായാഹ്ന പ്രാർഥനയുടെ ബാങ്കൊലി ഉയർന്നപ്പോൾ രണ്ടാമതൊരു നരമേധത്തിന്റെ വാർത്തയുമായി മൂന്നാമതൊരു മുന്നറിയിപ്പുകാരനെത്തി. അതോടെ എല്ലാവരും കൂട്ടപ്പുറപ്പാടിനൊരുങ്ങി. മടങ്ങിവരുമ്പോൾ ഉപയോഗിക്കാനായി വീടുകളുടെ താക്കോലുകളും അവർ കൂടെ കരുതി. ചിലർ ഇറാഖിലേക്ക് തിരിച്ചു. ചിലർ ഗസ്സയിലേക്ക്. വേറെ ചിലർ പടിഞ്ഞാറേ കരയിലേക്ക്. ലബനാനിലേക്കും സിറിയയിലേക്കും യാത്ര തിരിച്ചവരുമുണ്ടായിരുന്നു. ലബനാൻ തെരഞ്ഞെടുത്തവരുടെ കൂട്ടത്തിലായിരുന്നു എന്റെ വല്യുപ്പ. ആധുനികകാലത്തെ അറബ്നവോത്ഥാനത്തിന് തുടക്കമിട്ട നാട്. ഫലസ്തീനികളെ ലബനാൻ സ്വാഗതം ചെയ്തു. അവരെ ബാധിച്ച ദുരന്തത്തിന്റെ വേദനകൾ പങ്കിട്ടു. പ്രസിഡന്റ് ബിശാറ ഖുവരി പറഞ്ഞു: ‘നിങ്ങളുടെ നാടായ ലബനാനിലേക്ക് സ്വാഗതം.’ മന്ത്രി ഫറഞ്ചിയ പറഞ്ഞു: ‘അഭയാർഥികളുടെ എണ്ണം എത്രയാണെങ്കിലും അവരെ ഞങ്ങൾ സ്വാഗതം ചെയ്യും. ഞങ്ങളുടെ അപ്പത്തിന്റെ അവസാനത്തെ നുറുങ്ങും അവരുമായി പങ്കുവെക്കും.’

ജിഹാദ് കഥ തുടർന്നു: ദുരന്തത്തിന്റെ ഓരോ വാർഷികദിനത്തിലും സ്വന്തം പിതാവിൽനിന്ന് കേട്ട ദുഃഖസംഭവങ്ങൾ എന്റെ ബാപ്പ ഞങ്ങൾക്ക് വിവരിച്ചുതരും. അവർ ലബനാനിൽ അഭയം തേടിയപ്പോൾ ബാപ്പയുടെ വയസ്സ് പത്ത്. അദ്ദേഹം പറഞ്ഞുതന്ന കഥകളൊക്കെ ഇപ്പോഴും എനിക്ക് ഹൃദിസ്ഥമാണ്.

ഒരിക്കൽ ഈ കഥകളൊക്കെ ഞാൻ അബൂഹസ്സാനോട് പറയുകയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: “ശരിയാണ് മകനേ. ഈ ദുരന്തം അനുഭവിച്ചവരായിരുന്നു ഞങ്ങളൊക്കെ. പരേതനായ നിന്റെ ബാപ്പയെയും വല്യുപ്പയെയും എനിക്ക് നന്നായറിയാം. ബാപ്പ എന്റെ ഉറ്റ സുഹൃത്തായിരുന്നു.”

“ശരി അമ്മാവാ. ഞാൻ ചുരുക്കിപ്പറഞ്ഞതാണ്. ഇനി ഒരപേക്ഷ നിങ്ങളുടെ മുമ്പിൽ വെക്കാൻ ഞാൻ ധൈര്യപ്പെടട്ടെ! നിങ്ങളുടെ സുന്ദരിയായ മകൾ നബീലയെ എനിക്ക് കല്യാണം കഴിച്ചുതരുമോ? മുത്തുപോലെ ഞാനവളെ ഹൃദയത്തിൽ സംരക്ഷിക്കും. അമൂല്യമായ രത്നംപോലെ എന്റെ ശിരസ്സിൽ കിരീടമായി, എന്നാൽ കഴിയുംവിധം അവളെ ഞാൻ കാത്തുപോരും. ഞങ്ങളുടെ അവസ്ഥയെക്കുറിച്ച് നിങ്ങൾക്ക് നന്നായറിയുന്നതാണല്ലോ.”

അബൂഹസ്സാന്റെ ചുണ്ടിൽ ഒരു പുഞ്ചിരി തിരിനീട്ടി: “നിന്നെയല്ലാതെ മറ്റാരെയാണ് എന്റെ മകൾക്ക് ഭർത്താവായി എനിക്ക് കണ്ടെത്താനാവുക. എനിക്ക് സമ്മതംതന്നെ. എന്നാൽ ഒരുപാധിയുണ്ട്. അവൾക്ക് കൂടി സമ്മതമാവണം. ഒരു നിമിഷം എനിക്ക് സമയം തരിക.”

ഏതാനും നിമിഷങ്ങൾ കടന്നുപോയി. ഭൂമിയിൽ ഖയ്സ് അനുഭവിച്ച രാത്രികളേക്കാൾ അക്ഷമമായ നിമിഷങ്ങൾ. അവസാനം ചിരിച്ചുകൊണ്ട് സന്തോഷവാർത്ത പുറത്തുവന്നു; നബീലക്ക് സമ്മതമാണ്. സന്തോഷത്താൽ ഞാൻ തുള്ളിച്ചാടി. അബൂഹസ്സാന്റെ ശിരസ്സിൽ ചുംബിച്ചു. അദ്ദേഹത്തിന്റെ ഔദാര്യത്തിനു നന്ദിയോതി. ഹാജ് അബൂഹസ്സാൻ കുടുംബത്തിന്റെ വീട്ടിൽനിന്ന് ആനന്ദലഹരിയിൽ പാട്ടുപാടി ഞാൻ പുറത്തുവരവെ സ്ത്രീകളുടെ കുരവയിടൽ ഉയർന്നു. ഞങ്ങളും അവരും ഒരേ ഫ്ളാറ്റിലായിരുന്നു താമസം. സ്ത്രീകൾക്ക് എങ്ങനെ ഇത്ര പെട്ടെന്ന് ഈ വിവരം കിട്ടി? എനിക്കറിഞ്ഞുകൂടാ. ഏതായാലും ഞങ്ങളുടെ ജീവിതത്തിൽ പ്രത്യേകതകളൊന്നുമില്ല. ഞങ്ങൾ ജീവിക്കുന്ന ദാരുണതയിൽ എല്ലാവർക്കും എല്ലാവരുടെയും കാര്യങ്ങൾ പരസ്പരം അറിയാം. ഇനി നബീല കഥ പറയട്ടെ.....

(തുടരും)